# ജോൺ ഓഫ് ഗോഡ് മെസഞ്ചർ

A NEWSLETTER OF ST. JOHN OF GOD SPECIAL SCHOOL, VELLOOR

VOL. 1 ISSUE 7 OCTOBER 2008



നമ്മോടു കാരുണ്യം തേടുന്നവരെ
നമുക്കു കൈപിടിച്ചു നടത്താം!

# സ്മരണാഞ്ജലി



ആയിരം മനസ്സുകളിൽ പൊൻതിരിയായ് ജ്വലിക്കുന്ന

**ബ്രദർ ഫോർത്തുനാത്തൂസിന്**

സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽസ്കൂൾ മക്കളുടെ

സ്നേഹാഞ്ജലി

## LOVING MEMORY



### ആദരാഞ്ജലികൾ

സെന്റ് ജോൺ ഓഫ് ഗോഡ് സ്കൂളിലെ
വിദ്യാർത്ഥിയായിരുന്ന മനീഷ് വർഗ്ഗീസിന്
ജോൺ ഓഫ് ഗോഡ് കുടുംബത്തിന്റെ
ആദരാഞ്ജലികൾ



**JOHN OF GOD MESSENGER**
Newsletter

Vol. 1
Issue 7
October 2008

**ST. JOHN OF GOD SPECIAL SCHOOL**
Annadivayal, Velloor P.O.
Pampady, Kottayam - 686501

Tel. 0481 - 2373236, 2373222
e-mail: seldjohnofgodschool@yahoo.com
web: www.stjohnofgodcentre.org

**CHIEF EDITOR**

Mr. Dipu John

**EDITORIAL BOARD MEMBERS**

Bro. Johny Pullanithundathil
Sr. Litty Xavior SCJG
Sr. Ansa John SCJG
Mr. Aneesh MK
Mr. Boby Mathew
Mrs. Sreekala Raveendran

**TYPE SETTING & PRINTING**
SR Graphics
Mass Tower, Viaskara, Kottayam-39
Tel : 0481 - 2301142

PRIVATE CIRCULATION ONLY

# എഡിറ്റോറിയൽ



**ദീപു ജോൺ**
എഡിറ്റർ

# സ്പെഷ്യൽ സ്കൂളുകളുടെ ആവശ്യകത



സി. വിജി എഫ്. സി. സി.



വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം ഒരു വ്യക്തിയുടെ സമഗ്രവികസനമാണ്. സൗജന്യ വിദ്യാഭ്യാസം ഭരണഘടന അനുശാസിക്കുകയും ഏതൊരു വ്യക്തിയും അതിന് അർഹനാണെന്നുമിരിക്കെ ഒരു വിഭാഗത്തെ അവരുടെ ന്യൂനതകളുടെ പേരിൽ അവകാശങ്ങൾ നിഷേധിക്കുന്ന സ്ഥിതിവിശേഷമാണ് ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ വിദ്യാഭ്യാസ മേഘലയിൽ ഇന്നു നിലനിൽക്കുന്നത്. ബുദ്ധിമാന്ദ്യമുള്ള വ്യക്തികളെ അവർക്കാവശ്യമായ പരിശീലനം നൽകി സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് എത്തിക്കേണ്ടത് സമൂഹത്തിലെ ഓരോവ്യക്തിയുടെയും കടമയാണ്. സന്ദർഭോജിതമായി ചിന്തിച്ചു പെരുമാറുന്നതിനുള്ള കഴിവ് സമൂഹത്തിനുതകുന്ന വിധം ഒരു തൊഴിൽ ചെയ്ത് ജീവിക്കുന്നതിനുള്ള പ്രാപ്തി എന്നിവ സംജാതമാകുന്ന വിധത്തിലുള്ള വിദ്യാഭ്യാസ സംവിധാനമാണ് ഇവർക്കാവശ്യം.

ബുദ്ധിമാന്ദ്യം സംഭവിച്ച വ്യക്തികൾ സമൂഹത്തിന്റെ സജീവ പരിഗണന അർഹിക്കുന്നവരാണ്. ഇവരിൽ ഭൂരിഭാഗവും അനുബന്ധ വൈകല്യങ്ങളായ കേൾവിക്കുറവ്, കാഴ്ചക്കുറവ്, സംസാരശേഷി ഇല്ലായ്മ എന്നിവയും അനുഭവിക്കുന്നു. അതുകൊണ്ടുതന്നെ ബുദ്ധിമാന്ദ്യം ഉള്ള ഓരോ വ്യക്തിക്കും അവരുടെ വൈകല്യത്തിന്റെ തീവ്രതയ്ക്കനുസൃതമായ പ്രത്യേക വിദ്യാഭ്യാസമാണ് അഭികാമ്യം. വൈകല്യങ്ങൾ വരുത്തിതീർക്കുന്ന വിവിധങ്ങളായ ശാരീരികവും മാനസീകവുമായ വൈഷമ്യങ്ങളുടെ തീവ്രത കുറയ്ക്കുന്നതിൽ പരിശീലനത്തിനും പുനരധിവാസപ്രവർത്തനത്തിനും വളരെ വലിയ ഒരു പങ്കാണുള്ളത്.

പലതരം ശാരീരിക വൈകല്യങ്ങൾ അനുഭവിക്കുന്ന ബുദ്ധിമാന്ദമുള്ള കുട്ടികൾ വൈകല്യങ്ങളെ അതിജീവിച്ച് സ്വയം പര്യാപ്തത് നേടണമെങ്കിൽ, അവരുടെ വൈകല്യങ്ങൾ തിരിച്ചറിഞ്ഞ് പരിശീലനം നൽകുന്ന ഒരു സമഗ്രവിദ്യാഭ്യാസ രീതിയാണ് അഭികാമ്യം. ആവശ്യമായ ഓരോ മേഖലയിലും പ്രത്യേക പരിശീനലവും വൈദഗ്ദ്യവും നേടിയ ഒരു സംഘം തന്നെ സ്പെഷ്യൽ സ്കൂളുകളിൽ പ്രവർത്തിക്കുന്നു. special educator, physiotherapist, speechtherapist, occupational thereapist, psycologist, vochational trainer, social worker എന്നിങ്ങനെ നീളുന്ന ഈ സംഘത്തിലെ ഓരോ അംഗവും കുട്ടിക്ക് അവന്റെ ന്യൂനതകളെ മറികടന്ന് സ്വയം പര്യാപ്തത നേടാൻ സഹായകരമായ പരിശീലനം നൽകുന്നവരാണ്.

ബുദ്ധിമാന്ദ്യവും അനുബന്ധ വൈകല്യങ്ങളും അനുഭവിക്കുന്ന ഒരു കുട്ടിക്ക് ഒരു കുട്ടിക്ക് ഒരിക്കലും സാധാരണ കുട്ടികളുടെ ഇടയിൽ വേണ്ട പരിഗണനയും ശ്രദ്ധയും ലഭ്യമാകില്ല. ഉദാഹരണത്തിന്, ബുദ്ധിമാന്ദ്യത്തിന്റെ ഒരു വകഭേദമായ ഓട്ടിസം എന്ന പ്രശ്നമുള്ള ഒരു കുട്ടിയെ സാധാരണ സ്കൂളിൽ മറ്റ് കുട്ടികൾക്കൊപ്പം വിദ്യ പരിശീലിപ്പിക്കുക എന്നത് തികച്ചും അചിന്തനീയമാണ്. ഇങ്ങനെ ഓരോ വൈകല്യമുള്ള കുട്ടികൾ ഓരോരുത്തരും പലതരത്തിലുള്ള പരിശീലനമാണ് അർഹിക്കുന്നതെങ്കിലും പുതിയ പാഠ്യപദ്ധതിയനുസരിച്ച് എല്ലാവർക്കും ഒരേ തരത്തിലുള്ള പരിശീലനം നിർദ്ദേശിക്കുന്നു. വൈകല്യമനുഭവിക്കുന്നവർക്ക് അവരുടെ പ്രത്യേകതകൾക്കനുസരിച്ചുള്ള പരിശീലനമാണാവശ്യം. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ ന്യൂനതകൾ

(വൈകല്യങ്ങൾ) കണക്കിലെടുക്കാതെ അവരുടെ വ്യത്യസ്തങ്ങളായ കഴിവുകളെ വളർത്തിയെടുക്കുന്നതിലധിഷ്ഠിതമായൊരു വിദ്യാഭ്യാസം സ്പെഷ്യൽ സ്കൂളുകളിലൂടെ മാത്രമേ സാദ്ധ്യമാവൂ.

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സമഗ്രവികസനത്തിനായി കേരളത്തിൽ ഇരുന്നൂറോളം സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ അൻപതിൽ താഴെ സ്കൂളുകൾക്ക് മാത്രമാണ് ഗവൺമെന്റിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നത്. ഇത് സ്പെഷ്യൽ സ്കൂളുകളോട് സർക്കാർ കാട്ടുന്ന അവഗണനയുടെ ഒരു വശം മാത്രമാണ്. പലതരത്തിലുള്ള തീവ്രവൈകല്യങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ സ്കൂളുകളുടെ സേവനം അനിവാര്യമാണെന്നിരിക്കെ, ഗവൺമെന്റിന്റെ നിസ്സഹകരണ മനോഭാവം തികച്ചും പ്രതിപാദ്യമാണ്. ഗ്രാന്റ് ലഭിക്കുന്ന സ്കൂളുകളിൽ വളരെ കുറവായതിന്റെ പേരിൽ സ്റ്റാഫിന്റെ ദൗർബല്യവും സ്കൂളുകൾ നേരിടുന്ന മറ്റൊരു പ്രശ്നമാണ്. ഈ സാഹചര്യത്തിലാണ് സംസ്ഥാന ഗവൺമെന്റിന്റെ അനാസ്ഥ മൂലം ഗ്രാന്റ് ലഭിച്ചിരുന്ന സ്കൂളുകൾക്ക് പോലും 2007-2008 അദ്ധ്യായന വർഷത്തെ ഗ്രാന്റ് നിഷേധിക്കപ്പെട്ടത്. ഗ്രാന്റ് ലഭിച്ചിട്ടു തന്നെ സ്കൂൾ നടത്തിപ്പിൽ ബുദ്ധിമുട്ടനുഭവിക്കുന്ന സ്കൂളുകളുടെ ഇപ്പോഴത്തെ അവസ്ഥ പറയേണ്ടതില്ല.

സാധാരണ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിൽ ബദ്ധശ്രദ്ധരായ ഗവൺമെന്റ് പലപ്പോഴും നമ്മുടെ കുട്ടികളെ അവഗണിക്കുന്നു. സാധാരണ കുട്ടികൾക്കായി ആവശ്യത്തിലധികം എയ്ഡഡ് സ്കൂളുകൾ ഉണ്ടെന്നിരിക്കെ, ഗവൺമെന്റിന്റെ എയ്ഡ് ഉള്ള സ്പെഷ്യൽ സ്കൂളുകൾ ഒന്നു മാത്രമാണ്. നോർമൽ കുട്ടികൾക്ക്വേണ്ടി കലാകായിക മേളകൾ സമയാസമയങ്ങളിൽ സംഘടിപ്പിക്കുന്ന അധികാരികൾ; അവിടെയും ബുദ്ധിവൈകല്യമുള്ള കുട്ടികൾക്ക് അവഗണന മാത്രം നേരിടേണ്ടിവരുന്നു. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് ശാരീരിക മാനസിക ഉല്ലാസത്തിനുതകുന്ന സ്പെഷ്യൽ കലോത്സവങ്ങളും കായികമേളകളും സംഘടിപ്പിക്കുന്നത് സ്പെഷ്യൽ സ്കൂളുകളുടെ സംഘടനമാത്രം. കാലാകാലങ്ങളിൽ മാറി വരുന്ന ഗവൺമെന്റുകളിൽ നിന്നും അവഗണനയല്ലാതെ നമ്മുടെ കുട്ടികൾക്ക് മറ്റൊന്നും പ്രതീക്ഷിക്കാനില്ലെന്ന അവസ്ഥയിലെത്തിയിരിക്കുന്നു.

സർവ്വശിക്ഷാ അഭയാൻ പാഠ്യപദ്ധതി അനുസരിച്ച് പത്തോ പതിനഞ്ചോ കുട്ടികൾക്ക് വേണ്ടി നോർമൽ സ്കൂളിൽ ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററെ റിസോഴ്സ് ടീച്ചറായി നിയമിക്കുന്നു. കേവലമൊരു സ്പെഷ്യൽ എഡ്യൂക്കേഷൻ ഡിപ്ലോമ മാത്രം കൈമുതലുള്ള ഇത്തരം അധ്യാപകർ പലതരത്തിലുള്ള വൈകല്യങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്കെല്ലാം ഒരേ തരത്തിലുള്ള പരിശീലനം നൽകുന്നു. ഉദാഹരണത്തിന് മെന്റർറിയാർസേഷൻ ഡിപ്ലോമ ഉള്ള ഒരു പരിശീലകന് ഒരിക്കലും കാഴ്ചക്കുറവും, കേൾവിക്കുറവും ഉള്ള കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകുവാൻ സാധിക്കില്ല.

SSA യിൽ resource teacher ആയി ജോലിചെയ്യുന്ന ഭൂരിഭാഗം അധ്യാപകരും സ്പെഷ്യൽ സ്കൂളുകളിൽ ജോലി ചെയ്യാനിഷ്ടപ്പെടുന്നവരാണ്. കുടുംബത്തോടുള്ള പ്രതിബദ്ധതയും, മാറിവരുന്ന ജീവിത സാഹചര്യങ്ങളും മൂലം അവർ കൂടുതൽ വേതനം ലഭിക്കുന്ന ജോലി തേടാൻ നിർബന്ധിതരാകുന്നു എന്നു മാത്രം. സ്പെഷ്യൽ സ്കൂളുകളിൽ അധ്യാപകർക്ക് കൊടുക്കുന്ന വേതനം അപര്യാപ്തമാണെന്ന ഒറ്റക്കാരണം കൊണ്ടാണ് പലരും SSA യിൽ ജോലി തേടിപ്പോയത്. സ്പെഷ്യൽ സ്കൂളിൽ ജോലിചെയ്തിട്ടുള്ള പരിശീലകരാരും SSA യുടെ ixeusive education നെ ഏറ്റവും നല്ലതെന്ന് വിശേഷിപ്പിക്കുകയില്ല.

കോടിക്കണക്കിന് തുക ചിലവഴിച്ച് സർവ്വശിക്ഷാ അഭിയാൻ എന്ന വിദ്യാഭ്യാസ പദ്ധതിയിലൂടെ വൈകല്യമുള്ള കുട്ടികളെ കൂടി ഉൾപ്പെടുത്തി സംയോജിത വിദ്യാഭ്യാസം നടപ്പിലാക്കുമ്പോൾ പതിനഞ്ചുവയസ്സിനു ശേഷമുള്ള കുട്ടികളുടെ പുനരധിവാസം സംബന്ധിച്ച് യാതൊരുവിധ നടപടികളെക്കുറിച്ച് ചിന്തിച്ചിട്ടില്ല എന്നതും മറ്റൊരു വസ്തുതയാണ്. എന്നാൽ സ്പെഷ്യൽ സ്കൂളുകളിൽ ലഭിക്കുന്ന പരിശീലനത്തിന്റെ പ്രധാന ലക്ഷ്യം എന്നുള്ളത് ബുദ്ധിമാന്ദ്യം സംഭവിച്ച വ്യക്തികളുടെ തൊഴിലധിഷ്ഠിത പുനരധിവാസമാണ്. 18 വയസ്സിനു മുകളിലുള്ള മുഴുവൻ കുട്ടികൾക്കും തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നു. ബുദ്ധിമാന്ദ്യം സംഭവിച്ച വ്യക്തികളുടെ മാതാപിതാക്കളുടെ ഏറ്റവും വലിയ ഉത്ക്കണ്ഠയും ഇവരുടെ തൊഴിൽപരമായ പുനരധിവാസത്തെ സംബന്ധിച്ചുള്ളതാണ്.

നേരിയ തോതിലുള്ള ബുദ്ധിവൈകല്യം ബാധിച്ചവർക്ക് സർവ ശിക്ഷാ അഭിയാൻ പ്രദാനം ചെയ്യുന്ന സംയോജിത വിദ്യാഭ്യാസം ഒരു പരിധിവരെ അനുയോജ്യമാണ് എങ്കിലും തീവ്രതയേറിയ ബുദ്ധിവൈകല്യവും മറ്റനുബന്ധ വൈകല്യമനുഭവിക്കുന്നവരുടെ പരിശീലന പുനരധിവാസത്തിനുതകുന്ന സമഗ്രമായൊരു പദ്ധതിക്ക് രൂപം കൊടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതിനാൽ സമൂഹത്തിലെ മുഴുവൻ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെയും കണ്ടെത്തി പരിശീലന പുനരധിവാസം നൽകുന്നതിന് സർക്കാർ ശ്രമിക്കുകയും, സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് പദവിയിലേക്ക് ഉയർത്തുകയോ തുടങ്ങിയ ശാശ്വതമായ പ്രവർത്തനങ്ങളാണ് ഈ മേഖലയുടെ ആവശ്യം.



# ജീവിതാനുഭവങ്ങളിലൂടെ...



**ശ്രീ. ജോസഫ് എം. എം.**



ബുദ്ധിമാന്ദ്യം സംഭവിച്ച ഇരട്ടക്കുട്ടികളുടെ മാതാപിതാക്കളാവുക എന്ന അപൂർവ്വ ഭാഗ്യം ലഭിച്ചവരാണ് ഞങ്ങൾ. 1990 നവംബർ 22 -നായിരുന്നു ഇരട്ടകളായ ആന്റോ ജിന്റോമാരുടെ ജനനം. കുടുംബത്തിലെ ആദ്യ ഇരട്ടക്കുട്ടികളായിരുന്നതിനാൽ എല്ലാവരും വലിയ സന്തോഷത്തിലായിരുന്നു. ജനിച്ച് ആറുമാസം വരെ വളർച്ച സാധാരണ നിലയിലായിരുന്നു. എന്നാൽ 6-ാം മാസം രണ്ടു പേർക്കും പനി പിടിപെട്ടു. ഞായറാഴ്ച ആയതിനാൽ ഡോക്ടറെ വീട്ടിൽ ചെന്നു കണ്ടു. മരുന്നു തന്നതിനു ശേഷം അടുത്ത ദിവസം ആശുപത്രിയിൽ എത്തുന്നതിന് ഡോക്ടർ നിർദ്ദേശിച്ചു. കുട്ടികളെ കിടത്തി ചികിത്സിക്കുന്നതിന് ബുദ്ധിമുട്ടായതിനാൽ ദിവസം തോറും കുത്തിവെയ്പ്പെടുക്കുന്നതിന് ആശുപത്രിയിൽ പോവുകയും ഒരാഴ്ചകൊണ്ട് പനി ഭേദമാകുകയും ചെയ്തു. എന്നാൽ പിന്നീട് കുട്ടികൾ കിടന്ന കിടപ്പിൽ കിടക്കുകയും സാധാരണ രീതിയിലുള്ള വളർച്ചയുടെ യാതൊരു ലക്ഷണവും കാണിക്കുകയുമുണ്ടായില്ല. അങ്ങനെ കുട്ടികൾക്ക് ബുദ്ധിമാന്ദ്യമാണെന്ന് ജനിച്ച് ഏഴാം മാസത്തിൽ തന്നെ ഞങ്ങൾ തിരിച്ചറിഞ്ഞു. കുട്ടികളുമായി മുരിങ്ങൂർ ധ്യാന കേന്ദ്രത്തിൽ ധ്യാനം നടത്തി. ദൈവം അറിയാതെ ഒന്നും സംഭവിക്കില്ലെന്നും എല്ലാക്കാര്യത്തിനും ദൈവത്തിന് ഒരു പദ്ധതിയുണ്ടെന്നും ബോധ്യമുണ്ടായി. പാട്ടു കേട്ടാൽ കുട്ടികൾ കരയാതെ കിടന്നുറങ്ങുമായിരുന്നു. അങ്ങനെ ഉറക്കവും വിശ്രമവുമില്ലാതെ അനേകം വർഷങ്ങൾ കടന്നുപോയി. 9.30 ന് ഞാൻ ജോലിക്ക് പോകുന്നതിന് മുൻപ് കുട്ടികളുടെ പരിചരണത്തിന് സഹായിക്കുമായിരുന്നു. പകൽ മുഴുവൻ എമിലിയായിരുന്നു പരിചരണം. ചാച്ചനും അമ്മച്ചിയും സഹായിക്കുമായിരുന്നു. ഇടയ്ക്കെല്ലാം പല ഡോക്ടർമാരുടെ പക്കൽ നിന്നും ചികിത്സ നേടി. എന്നാൽ ഒരു കുഴപ്പവുമില്ലായിരുന്നു എന്ന റിപ്പോർട്ടാണ് എല്ലായിടത്തു നിന്നും ലഭിച്ചത്.

> **“1 മണിക്കൂർ പോലും ഉറങ്ങാതെ വർഷങ്ങളോളം ജോലിക്കു പോകുമ്പോഴും തെറ്റുകൂടാതെ എല്ലാം നന്നായി ചെയ്യാൻ ദൈവം എന്നെ അനുഗ്രഹിച്ചു. ദൈവം തന്റെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുമെന്ന് ഉറച്ച് വിശ്വസിക്കുന്നു.”**

അഞ്ചുവർഷത്തോളം ഞങ്ങളുടെ തന്നെ പരിചരണത്തിൽ കുട്ടികൾ വീട്ടിൽ തന്നെയുണ്ടായിരുന്നു. 1995 ൽ എമിലിക്ക് തൈറോയിഡിന്റെ ഓപ്പറേഷൻ വേണ്ടി വരികയും കുട്ടികളെ വീട്ടിൽ നിന്നും മാറ്റി നിർത്തേണ്ടത് അത്യാവശ്യമായി തീർന്നു. അങ്ങനെ മൂവാറ്റുപുഴ നിർമ്മല സദൻ സ്പെഷ്യൽ സ്കൂളിൽ ചേർത്തു. രണ്ടു വർഷത്തോളം മൂവാറ്റുപുഴയിൽ പരിശീലനം ലഭിച്ചു. നിരന്തരമായ അസുഖങ്ങൾ മൂലം നിർമ്മല സദനത്തിൻ നിന്നും തിരികെ പോരേണ്ടി വന്നു. വീണ്ടും തൊടുപുഴ പ്രതീക്ഷാ ഭവനിൽ ദിവസവും കൊണ്ടുപോയി പരിശീലനം നൽകി. 2002 ൽ തൊടുപുഴ ടൗൺ പള്ളിയിൽ അഭിവന്ദ്യ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിൽ നിന്നും ആദ്യകുർബ്ബാന സ്വീകരണവും സ്ഥൈര്യ ലേപനവും ആന്റോയും ജിന്റോയും സ്വീകരിച്ചു.

2003 ൽ എമിലിക്ക് വീണ്ടും ഒരു ഓപ്പറേഷൻ വേണ്ടി വന്നു. അപ്പോൾ ആന്റോ ജിന്റോമാരെ എതെങ്കിലും സ്ഥാപനത്തിൽ ആക്കിയേ പറ്റു എന്ന സ്ഥിതി വന്നു. പലയിടത്തും അന്വേഷിച്ചു; എങ്ങും ശരിയായില്ല. ഒരു ദിവസം ഞാൻ ചേട്ടായിയെ (ഫാ. ജോർജ്ജ് മഠത്തിക്കണ്ടം, റക്ടർ, വടവാതൂർ സെമിനാരി) വിളിച്ച് അവിടെവിടെങ്കിലും ഇത്തരം സ്ഥാപനം ഉണ്ടോ എന്ന് അന്വേഷിച്ചു. ചേട്ടായി പറഞ്ഞു, ഉള്ളതായിട്ടറിയില്ല അന്വേഷിക്കാമെന്ന്. ഈ പറഞ്ഞ സമയത്ത് നമ്മുടെ സ്കൂളിൽ താമസിച്ച് റിസേർച്ച് നടത്തിയിരുന്ന ഫാദർ വർഗ്ഗീസ് (ഞങ്ങൾ ദൈവദൂതൻ എന്നു വിളിക്കും) വടവാതൂർ സെമിനാരിയിലെ ലൈബ്രറിയിൽ പുസ്തകം എടുക്കാൻ വന്നു. അപ്പോൾ ചേട്ടായി അച്ചനോട് ഇത്തരം കുട്ടികൾക്കുള്ള സ്കൂളിനെക്കുറിച്ച് അന്വേഷിച്ചു. അച്ചൻ പറഞ്ഞു താൻ അത്തരമൊരു സ്കൂളിൽ നിന്നാണ് വരുന്നതെന്ന്. ദൈവത്തിന്റെ കരം അപ്പോഴും ഞങ്ങൾക്കു മുമ്പേ ഉണ്ടായിരുന്നു. അച്ചൻ ബ്രദർ അഗസ്റ്റ്യന്റെ ഫോൺ നമ്പർ കൊടുത്തു. ചേട്ടായി വിളിച്ചു ചോദിച്ചു.

പിറ്റേദിവസം ചെല്ലുവാൻ പറഞ്ഞു. ഞാൻ വടവാതൂർ സെമിനാരിയിൽ ചെന്ന് ചേട്ടായിയെയും കൂട്ടി സ്കൂളിൽ വന്ന് ബ്രദർ അഗസ്റ്റ്യനെ കണ്ട് വിവരങ്ങൾ പറഞ്ഞപ്പോൾ കുട്ടികളെ കാണാതെ തന്നെ, അവരുടെ അവസ്ഥപോലും അറിയാതെ, അവിടെ അഡ്മിഷൻ തന്നു. അഞ്ചു വർഷമായി ആന്റോയും ജിന്റോയും അവർക്കാവശ്യമുള്ള എല്ലാ സൗകര്യങ്ങളോടും കൂടി അവിടെ കഴിയുന്നു. ആന്റോ ജിന്റോയുടെ ചേട്ടായി മാത്യൂസ് ഇപ്പോൾ കുട്ടിക്കാനം മരിയൻ കോളേജിൽ എം.സി.എയ്ക്ക് പഠിക്കുന്നു. അവരുടെ എല്ലാക്കാര്യങ്ങളിൽ ശ്രദ്ധിക്കുകയും യാത്രകളിൽ അവരെക്കൂടെ കൊണ്ടുപോകാൻ താത്പര്യപ്പെടുകയും ചെയ്യുന്നു. ട.ട.ഘ.ഇ, +2 പരീക്ഷാ സമയങ്ങളിൽ ഉറങ്ങാനോ പഠിക്കാനോ സാധിച്ചില്ലെങ്കിലും ദൈവം ഉന്നതമായ വിജയം നൽകി അവനെ അനുഗ്രഹിച്ചു.

ഇപ്പോൾ ഓർക്കുമ്പോൾ അത്ഭുതം തോന്നുന്നു. ഒരു മണിക്കൂർപോലും ഉറങ്ങാതെ വർഷങ്ങളോളം ജോലിക്കു പോയപ്പോൾപോലും തെറ്റുകൂടാതെ എല്ലാം നന്നായി ചെയ്യാൻ ദൈവം എന്നെ അനുഗ്രഹിച്ചു. ദൈവം തന്റെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുമെന്ന് ഉറച്ച് വിശ്വസിക്കുന്നു. വർഷങ്ങളോളം ബന്ധുവീടുകളിൽ നടക്കുന്ന പരിപാടികളിൽ (ആഘോഷങ്ങളിൽ) പങ്കെടുക്കുവാൻ സാധിക്കാതിരുന്നതുകൊണ്ട് പിന്നീട് ഞങ്ങളെ രണ്ടുപേരെയും ബന്ധുജനങ്ങൾ പോലും തിരിച്ചറിയാത്ത അവസ്ഥ വന്നു. പലഭാഗത്തുനിന്നും അവഹേളനങ്ങളും തിരസ്ക്കരണങ്ങളും ഉണ്ടായിട്ടുണ്ട്. എങ്കിലും ദൈവം ഞങ്ങളെ എന്നും കണ്ണിലെ കൃഷ്ണമണി പോലെ കാത്തു സൂക്ഷിക്കുന്നു.

കേരളത്തിലെ ഏറ്റവും നല്ല സ്കൂളിൽ, എല്ലാ സൗകര്യങ്ങളുമുള്ളിടത്ത്, അഡ്മിഷൻ കിട്ടിയത് വലിയ ഭാഗ്യമായി കാണുന്നു.

സ്കൂളിന്റെ ബഹു. ഡയറക്ടറച്ചൻ, പ്രിൻസിപ്പൽ, ഡോണാത്തൂസ് ഹോമിലെയും മറ്റു ഹൗസുകളിലെയും ശുശ്രൂഷകർ എന്നിവർക്ക് എത്ര നന്ദി പറഞ്ഞാലും മതിയാവില്ല. കാരുണ്യവാനായ ദൈവം നമ്മുടെ സ്കൂളിനെയും അതുമായി ബന്ധപ്പെട്ട എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.





# സൗഖ്യദായകന്റെ പിന്നാലെ...



ഫാ. ഫ്രാൻസീസ് മണ്ണാപറമ്പിൽ

മറ്റൊന്നും ചിന്തിക്കാനുണ്ടായിരുന്നില്ല ജോണിന്. പ്രഭു ഒരു കുറ്റക്കാരനാണെന്നോ, ധനവാനാണെന്നോ ഉള്ള ചിന്തയൊന്നും ജോണിനെ അലട്ടിയില്ല. ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കാൻ ഇത് നല്ല അവസരമായി ജോൺ കരുതി. ഡോൺ പ്രഭു വളരെ ഉദാരവാനായിരുന്നു. സ്യൂട്ടായിലെത്തിയാൽ ഉടൻ നല്ല ശമ്പളവും എല്ലാ സൗകര്യവും ജോണിന് പ്രഭു വാഗ്ദാനം ചെയ്തു. ഇത് ജീവിതത്തിലെ ഒരു വലിയ വഴിത്തിരിവും സ്വപ്നസാക്ഷാത്ക്കാരവുമായി കരുതി ജോൺ ആ കുടുംബത്തോടൊപ്പം സ്യൂട്ടായിലേക്ക് കപ്പൽ കയറി. മനുഷ്യജീവിതം എത്രസങ്കീർണ്ണം! മനുഷ്യർ ഒരോന്നു സ്വപ്നം കാണുന്നു, പ്രതീക്ഷിക്കുന്നു, തീരുമാനിക്കുന്നു. എന്നാൽ ജീവിതത്തിൽ സംഭവിക്കുന്നതോ തികച്ചും വ്യത്യസ്തമായതും!

സ്യൂട്ടിയിൽ താമസമാക്കിയ പ്രഭു കുടുംബം അവരുടെ നിലയ്ക്ക് ചേർന്ന ജീവിത ശൈലി അവലംബിച്ചു. എന്നാൽ കൈവശമുണ്ടായിരുന്ന ധനമെല്ലാം ദിവസങ്ങൾ കൊണ്ട് ചിലവഴിക്കപ്പെട്ടു. മാറിയ സാഹചര്യങ്ങളും മാനസീകാവസ്ഥയും കുടുംബാംഗങ്ങളെയെല്ലാം പലവിധ രോഗത്തിലാഴ്ത്തി. ഒരു നേരത്തെ ആഹാരത്തിനുപോലും വഴിയില്ലാത്ത സ്ഥിതി വിശേഷം. എന്തെങ്കിലും ഒരു വഴികണ്ടെത്താനായി പ്രഭു ജോണിനെ സമീപിച്ചു. സേവകാനായി കൂടിയ ജോൺ അവരുടെ അവരുടെ രക്ഷകനായി. ഒരു ചുമട്ടു തൊഴിലാളിയുടെ ജോലിയേറ്റെടുത്ത് അദ്ദേഹം ആ പ്രഭു കുടുംബത്തെ പട്ടിണിയിൽ നിന്നും നാണക്കേടിൽ നിന്നും കരകയറ്റുവാൻ മുന്നോട്ടിറങ്ങി.

സ്യൂട്ട നഗരത്തെ കടൽകൊള്ളക്കാരിൽ നിന്നും രക്ഷിക്കാനുള്ള കോട്ടയുടെ നിർമ്മാണം നടക്കുന്ന സമയം. ജോലിയിൽ ഏർപ്പെട്ടിരുന്നവരിൽ പലരും തടവുപുള്ളികൾ. നിർമ്മാണം വേഗം പൂർത്തീകരിക്കാനായി ദിവസക്കൂലിക്കാരെയും എടുത്തിരുന്നു. അത്തരത്തിലൊരു ദിവസക്കൂലിക്കാരനായാണ് ജോൺ ജോലിചെയ്തിരുന്നത്.

കോട്ട പണി വളരെ കഠിനാധ്വാനമുള്ള ജോലിയായിരുന്നു. ദിവസക്കുലിക്കാരെയും തടവുകാരെയും ഒരു പോലെയാണ് മേലാളർ കണ്ടിരുന്നത്. ചുട്ടു പൊള്ളുന്ന വെയിൽ, വിശ്രമമില്ലാത്ത ജോലി, അല്പമൊന്നിരുന്നാൽ അപ്പോൾ പുറത്ത് ചാട്ടവീഴുകയായി! ജോൺ തന്റെ പഴയ രണ്ട് ജോലികളുമായി ഇതിനെ തട്ടിച്ചു നോക്കി. എത്ര വ്യത്യസ്തം! എത്ര കഠിനം! ഇങ്ങനെയുമൊരു സേവനമോ? ദൈവത്തിന്റെ പദ്ധതി തന്നെയോ? ദൈവം തന്നെ എന്തിനെങ്കിലും വേണ്ടി ഒരുക്കുകയാണോ? ജോണിനൊന്നും മനസ്സിലാകുന്നില്ല. ദുരിത പൂർണ്ണമായ ഈ ജോലി എല്ലാവരും മടുത്തു. രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങൾ പലരും തിരക്കി. ഒറ്റ മാർഗ്ഗമേയുള്ളു. അടുത്ത മുസ്ലീം നഗരത്തിലേക്കോടി രക്ഷപ്പെട്ട് അവിടെ മതം മാറി സുഖമായി ജീവിക്കുക. പലരും ആ വഴി പിന്തുടർന്നു. ജോണിന്റെ ഒരുറ്റ സുഹൃത്തും ഓടി രക്ഷപ്പെട്ട് മുസ്ലീം മതം സ്വീകരിച്ചു. ക്രിസ്ത്യാനികൾ ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നു! എന്തൊരു വിരോധാഭാസം! ജോണിന്റെ വിശ്വാസവും ആടിയുലഞ്ഞു, താനുമൊരു മുസ്ലീമായാലോ?

പ്രതിസന്ധികൾ, പരീക്ഷണങ്ങൾ ജോണിന്റെ ജീവിതത്തെയാകെ ഇളക്കിമറിച്ചു. മരണത്തിന്റെ വക്കോളമെത്തിയ രണ്ട് സംഭവങ്ങൾ നമ്മൾ ജോണിന്റെ ജീവിതത്തിൽ നമ്മൾ കണ്ടുകഴിഞ്ഞു. അവിടെയെല്ലാം പരിശുദ്ധാത്മാവ് ജോണിന് തുണയായി വന്നു. ഇവിടെ തന്റെ വിശ്വാസ ദീപമാണ് അണയാൻ പോകുന്നത്! തന്റെ ഉറ്റ സുഹൃത്തിനെ രക്ഷിക്കാൻ സാധിക്കാഞ്ഞതിന്റെ കുറ്റബോധവും സങ്കടവും ഒരുവശത്ത്, വിശ്വാസം ഉപേക്ഷിക്കാനുള്ള തീവ്ര പരീക്ഷണം മറുവശത്ത്. ഒരിക്കലും തന്നെ കൈവിട്ടിട്ടില്ലാത്ത പരിശുദ്ധ അമ്മയിലേക്ക് ജോണിന്റെ ഹൃദയം ഉയർന്നു.



# ദീപ്തി സദൻ



പെണ്ണമ്മ

ബുദ്ധിവൈകല്യം ബാധിച്ച വ്യക്തികളുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ മാതാപിതാക്കളും, സ്ഥാപനങ്ങളും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളും നേരിടുന്ന വലിയ വെല്ലുവിളിയാണ് ഇവരുടെ ആജീവാനന്ത പരിചരണം. അതിവേഗം മാറുന്ന സാമൂഹ്യ വ്യവസ്ഥയിൽ അണുകുടുംബങ്ങൾക്ക് പ്രാധാന്യമേറുകയും വികലാംഗരുടെയും വാർദ്ധക്യം ബാധിച്ചവരുടെയുമൊക്കെ പരിചരണവും ശ്രദ്ധയും മറ്റും സമൂഹത്തിന്റെ ഒരു പ്രധാന സേവന മേഖലയായി മാറിക്കൊണ്ടിരിക്കുകയുമാണ്.

ബുദ്ധിമാന്ദ്യം സംഭവിച്ച വ്യക്തികളുടെ പരിശീലനത്തിലും പുനരധിവാസത്തിലും ചർച്ചചെയ്യപ്പെടേണ്ടതും ഏറെ പ്രാധാന്യം കൊടുക്കേണ്ടതുമായ ഒരു മേഖലയാണ് ഇവരുടെ അജീവാനന്ത ശ്രദ്ധ കേരളത്തിലെ പുനരധിവാസ കേന്ദ്രങ്ങളുടെ കണക്കുപരിശോധിച്ചാൽ ആജീവാനന്തം പരിചരണം നൽകുന്ന സെന്ററുകൾ വളരെ കുറവാണ്. മിക്ക സ്ഥാപനങ്ങളും 15 വയസ്സിനു ശേഷം സ്കൂളിൽ നിന്നും പറഞ്ഞയയ്ക്കുകയും മാതാപിതാക്കളുടെ നേരിട്ടുള്ള പരിചരണത്തിലാക്കുകയും ചെയ്യുന്നു. ഇത് മാതാപിതാക്കൾക്ക് മക്കളുടെ ഭാവിയെക്കുറിച്ച് അമിതമായ ഉത്കണ്ഠയിലേയ്ക്ക് വഴിതെളിക്കുന്നു.

ബുദ്ധിമാന്ദ്യം സംഭവിച്ച വ്യക്തികളുടെ പരിശീലന പുനരധിവാസ പ്രവർത്തന മേഖലയിൽ 10 വർഷങ്ങൾ പൂർത്തിയാക്കുന്ന സെന്റ് ജോൺ ഓഫ് ഗോഡ് സെന്ററിന്റെ ഭാവിപ്രവർത്തനങ്ങളിൽ ഏറ്റവും പ്രാമുഖ്യം നൽകിയിരിക്കുന്ന ഒരു പദ്ധതിയാണ് ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ ആജീവാനന്ത പരിചരണം ലക്ഷ്യമാക്കിയുള്ള ഒരു സംവിധാനം. ഇവയുടെ പ്രായോഗിക പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനായി കഴിഞ്ഞ രണ്ടു വർഷങ്ങളായി പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന ഹോമാണ് ദീപ്തി സദൻ. പന്ത്രണ്ടോളം ബുദ്ധിമാന്ദ്യം അനുഭവിക്കുന്ന പുരുഷൻമാർ ഈ ഹോമിൽ താമസിക്കുന്നു. മധ്യവയസ്ക്കരോ വാർദ്ധക്യം ബാധിച്ചവരോ ആയ ഇത്തരം വ്യക്തികളുടെ മാനസീകവും ശാരീരികവുമായ ക്ഷേമത്തിന് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾക്കാണ് ഇവിടെ പ്രാധാന്യം നൽകുക.

സ്വസ്ഥവും ശാന്തവുമായ ഒരു ജീവിതാന്തരീക്ഷം നിലനിർത്തുന്നതിനാവശ്യമായ ക്രമീകരണങ്ങളാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇവയിൽ യോഗ, പ്രാർത്ഥന, വ്യായാമങ്ങൾ, വിനോദപരിപാടികൾ എന്നിവ തയ്യാറാക്കിയിരിക്കുന്നു. ആരോഗ്യസംരക്ഷണത്തിനാവശ്യമായ നേഴ്സിംഗ്കെയറും ഇവർക്ക് ലഭിക്കുന്നു.

വാർദ്ധക്യത്തിന്റെ ഒറ്റപ്പെടലുകളും ദുശ്ശാഠ്യങ്ങളും മറികടന്ന് ഭവനാന്തരീക്ഷം നിറഞ്ഞു നിൽക്കുന്ന ദീപ്തി ഹോമിൽ ഇവർ സ്വസ്തമായ ജീവിതം നയിക്കുന്നു. ബ്രദർ ഷിജുവിന്റെ നേതൃത്വത്തിൽ സോജൻ ജോർജ്ജ്, പെണ്ണമ്മ, മേരി കെ. ജെ. എന്നിവരും സേവനം അനുഷ്ഠിക്കുന്നു.

പ്രായഭേദമെന്യേ സെന്ററിലുള്ള എല്ലാ കുട്ടികളുമായും ഇടപെടുന്നതിനും കായികവും കലാപരവുമായ വിനോദപരിപാടികളിൽ പങ്കുചേരുന്നതിനും ഇവർക്ക് അവസരം ലഭിക്കുന്നു. തങ്ങളുടെ അവസരങ്ങളെ ആസ്വാദ്യകരമാക്കിക്കൊണ്ട് സന്തുഷ്ടരായി തമാശകൾ നിറഞ്ഞ സംസാരത്തോടെ പരസ്പരം പിന്താങ്ങി തങ്ങളുടെ ജീവിതത്തെ അവർ ആഘോഷിക്കുന്നു.

## ഹോസ്റ്റലിലെ ഫോൺ നമ്പരുകൾ

| | |
|---|---|
| ഏയ്ഞ്ചൽ ഹോം | : 09747792205 |
| ദീപ്തി ഹോം | : 09747792208 |
| ഡൊണാത്തൂസ് ഹോം | : 09747792210 |
| മരിയ ഹോം | : 09747792201 |
| മെന്നി ഹോം | : 0996160045 |
| റിച്ചാർഡ് ഹോം | : 09747792204 |

# ഓട്ടിസ്സം

# (AUTISM)

ക്ലാരമ്മ യേശുദാസ് നൈനാൻ

ചികിത്സിക്കപ്പെടാത്ത ഫിനയിൽ കെറ്റനോയൂറിയ ജനിതക തകരാറുകൾ, ഗർഭകാലത്ത് അമ്മയ്ക്കുണ്ടാകുന്ന വീഴ്ചകൾ, ജനനസമയത്ത് ആവശ്യത്തിനു വേണ്ട തൂക്കം ഇല്ലാത്തത്, ജനനശേഷം കുട്ടിക്ക് വേണ്ടവിധം പരിചരണം ലഭിക്കാത്തത് എന്നിവയൊക്കെ ഓട്ടിസ്സത്തിനു കാരണമാകാം



ബുദ്ധിവൈകല്യത്തിൽ നിന്നും വളരെ വ്യത്യസ്തമായൊരു വൈകല്യമാണ് ഓട്ടിസ്സം. ഓട്ടിസ്സമുണ്ടാകാനുള്ള പ്രധാന കാരണം തലച്ചോറിന്റെ വളർച്ചയിൽ ഉണ്ടാകുന്ന തകരാറുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ ഇതിനുള്ള കാരണങ്ങൾ പലതാണ് എന്ന് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു.

1943 ൽ അമേരിക്കയിലെ ബാൽറ്റിമോർ (Baltimore) എന്ന സ്ഥലത്തെ ജോൺ ഹോസ്പിറ്റൽസ് (John Hospitals) ഹോസ്പിറ്റലിലെ ഡോക്ടർ ലിയോ കാനർ (Dr. Leo Kanner) ആണ് കുറെയധികം കുട്ടികളിൽ നടത്തിയ വിശദമായ പഠനത്തിലാണ് ഓട്ടിസം എന്ന അവസ്ഥ ആദ്യമായി തിരിച്ചറിഞ്ഞത്. ഈ കുട്ടികൾ സംസാരത്തിലും, ശാരീരിക ചലനങ്ങളിലും ചുറ്റുപാടുകളുമായി ഇണങ്ങിചേരുന്നതിലും പ്രകടമാക്കുന്ന രീതികൾ വളരെ വ്യത്യസ്തമായിരുന്നു. ഓരോരുത്തരും അവരവരുടെ ലോകത്തിൽ പരമാവധി ഒറ്റയ്ക്കിരിക്കാൻ പരമാവധി ശ്രമിക്കുന്നതായി ലിയോ കാനർ കണ്ടെത്തി. അതിനാൽ ലിയോ കാനർ ഈ വൈകല്യത്തിന് 'സെൽഫ' എന്ന് അർത്ഥം വരുന്ന ഗ്രീക്ക് പദമായ 'ഓട്ടോ' (auto) എന്ന് പേരിട്ടു.

ഓട്ടിസ്സമുള്ള ഒരു കുട്ടിയെ 3 വയസ്സിനു മുൻപ് പ്രകടമാകുന്ന ചില സ്വഭാവ വ്യത്യാസങ്ങളുടെ നിരീക്ഷണത്തിലൂടെ തിരിച്ചറിയാൻ സാധിക്കും. അതായത് ഓട്ടിസ്സം എന്ന അവസ്ഥ ഒരു വ്യക്തിയിൽ 3 വയസ്സിനു ശേഷം സംഭവിക്കാൻ സാധ്യതകൾ കുറവാണ് എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

ഓട്ടിസ്സം പ്രധാനമായും ഒരു വ്യക്തിയുടെ ചിന്താതലം, ആശയ വിനിമയം, സാമൂഹ്യ ബന്ധങ്ങൾ, സ്വഭാവ രൂപീകരണം എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു.

സാധാരണ കുട്ടികളുമായി താരതമ്യം ചെയ്യുമ്പോൾ സാമൂഹവുമായി ബന്ധപ്പെടുന്നതിൽ ഇവർക്ക് താത്പര്യം കുറവാണ്.

വ്യക്തികളെ വസ്തുക്കളാക്കി കണക്കാക്കുക.

സംസാരിക്കുമ്പോൾ ദൃഷ്ടി നൽകാതിരിക്കുക.

മാറ്റങ്ങളനുസരിച്ച് മാറുന്നതിനുള്ള വൈമുഖ്യം.

മറ്റുള്ളവർ പറഞ്ഞകാര്യങ്ങൾ വളരെ താമസിച്ച് തനിയെ ആവർത്തിച്ചു പറയുക.

പ്രത്യേകതരം കമ്പികൾ, ചെറിയ വടികൾ എന്നിങ്ങനെ സാധാരണ കുട്ടികൾ സൂക്ഷിച്ചുവെയ്ക്കാൻ ഇഷ്ടപ്പെടാത്ത സാധനങ്ങൾ എന്നിവ ഇവർ വളരെ അമൂല്യമായി കരുതുകയും അവ കളിക്കുന്നതിനായി സൂക്ഷിക്കുകയും ചെയ്യും.

മറ്റുള്ള കുട്ടികളെ പോലെ തങ്ങളുടെ അമ്മമാരോട് ഇവർ വൈകാരികമായ ഒരു ബന്ധം സൂക്ഷിക്കുന്നില്ല. അതിനാൽ അമ്മമാരുടെ മുഖത്തുണ്ടാകുന്ന ഭാവവ്യത്യാസ

ങ്ങൾ തിരിച്ചറിയാനും അവ അനുകരിക്കുവാനും ബുദ്ധിമുട്ടനുഭവപ്പെടുന്നു.

ശാരീരിക ചലനങ്ങളിലെ പ്രത്യേകതകൊണ്ട് ഇവരെ നമുക്ക് പ്രത്യേകം തിരിച്ചറിയാൻ സാധിക്കും. തല ഒരു പ്രത്യേക രീതിയിൽ അനക്കികൊണ്ടിരിക്കുക, കൈകൾ രണ്ടും കൂട്ടി പ്രത്യേക താളത്തിൽ അടിക്കുക എന്നിവ ഇവരുടെ പ്രത്യേകതകളാണ്. അതുപോലെതന്നെ

ഓട്ടിസ്സം ബാധിച്ച കുട്ടികൾക്ക് സംസാരിക്കുവാനുള്ളകഴിവുണ്ടെങ്കിൽക്കൂടി അവരുടെ ജീവിതത്തിൽ വേണ്ടിവരുന്ന ആവശ്യങ്ങൾക്കായി ആ കഴിവ് ഉപയോഗിക്കുവാൻ കഴിയാതെ വരുന്നു. അതിനാൽ,

കേൾക്കുന്ന സംഭാഷണം ഗ്രഹിച്ചെടുത്ത് ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിൽ ഇവർക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നു.

ജീവിതത്തിലെ മാറുന്ന ചുറ്റുപാടുകളുമായി ഇണങ്ങുന്നതിന് ഇവർക്ക് വൈഷമ്യം നേരിടുന്നു.

ഭക്ഷണ വസ്തുക്കൾ ദിവസേന മാറ്റി പരീക്ഷിച്ച് ഭക്ഷിക്കുവാൻ കൊടുക്കുന്നതോ, ഭക്ഷണ സമയത്തിൽ വ്യത്യാസം വരുത്തുന്നതോ, മേശ, കസേര എന്നിവ യഥാസ്ഥാനത്തുനിന്ന് മാറ്റി ഉപയോഗിക്കുക എന്നിവ ഇവർ ഇഷ്ടപ്പെടുന്നില്ല.

സാധാരണ കുട്ടികളിൽ കാണാത്ത ചില കഴിവുകൾ ഓട്ടിസ്സം ബാധിച്ച 12 വയസ്സിനു മുകളിലുള്ള ചില കുട്ടികൾ കാണിക്കാറുണ്ട്. പ്രത്യേക തരത്തിൽ കണക്കുകൾ മനസ്സിൽ ഗണിച്ച് പ്രധാനപ്പെട്ട ദിവസങ്ങൾ, സംഭവങ്ങൾ നടന്ന സമയം, ദിവസം, ട്രയിൻ സമയം, കലണ്ടറിലെ ദിവസങ്ങൾ എന്നിവ ഓർമ്മയിൽ സൂക്ഷിക്കുന്നതിനോ, അതിവേഗത്തിൽ കണക്കുകൂട്ടിയെടുക്കുന്നതിനോ ഇവർക്കു സാധിക്കില്ല. എന്നാൽ ഈ കഴിവുകൾ നിത്യജീവിതത്തിലെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ ഇവർക്ക് കഴിയാതെ വരുന്നു. കൂടാതെ സംഗീതത്തിലുള്ള പ്രത്യേക അഭിരുചി, താളബോധം, സംഗീത ഉപകരണങ്ങൾ ശരിയായ പരിശീലനത്തിലൂടെ ഉപയോഗിക്കാനുള്ള കഴിവ് എന്നിവയും ഇവരിൽ പ്രത്യേകമായി കണ്ടെത്തിയിരിക്കുന്നു.

## ബുദ്ധിവികാസം

ഓട്ടിസ്സം ബാധിച്ച 70% കുട്ടികളും മെന്റലി റിട്ടാർഡഡ് ആണ് എന്ന് കണക്കുകൾ കാണിക്കുന്നു. ഇതിൽ 35% മൈൽഡ് മെന്റലി റിട്ടാർഡഡും, 15% മോഡറേറ്റ് മെന്റലി റിട്ടാർഡറും, 20% സിവിയർ മെന്റലി റിട്ടാർഡറും ആണ് എന്നാൽ 25% കുട്ടികൾ ബോർഡർ ലൈൻ ലെവലിലോ, നോർമൽ ഇന്റലിജൻസോ ഉള്ളവരാണ്. എന്നാൽ 5% കുട്ടികൾ ഐ. ക്യൂ. 100 നു മുകളിലാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു.



## കാരണങ്ങളും ചികിത്സാരീതികളും

ഇന്ന് ലോകമാകമാനം ധാരാളം പഠനങ്ങൾ ഓട്ടിസ്സവുമായി ബന്ധപ്പെട്ടു നടക്കുന്നു. ചികിത്സിക്കപ്പെടാത്ത ഫിനയിൽ കെറ്റനോയൂറിയ (pku) ജനിതക തകരാറുകൾ, ഗർഭകാലത്ത് അമ്മയ്ക്കുണ്ടാകുന്ന വീഴ്ചകൾ, ജനന സമയത്തുള്ള തൂക്കക്കുറവ്, ജനനശേഷം കുട്ടിക്ക് വേണ്ടവിധം പരിചരണം ലഭിക്കാത്തത് എന്നിവയൊക്കെ ഓട്ടിസ്സത്തിനു കാരണമാകാം.മേൽപറഞ്ഞ കാര്യങ്ങൾ എല്ലാം തലച്ചോറിന്റെ പ്രവർത്തനത്തിന് തകരാറുകൾ വരുത്തുന്നു.

ഓട്ടിസ്സം ബാധിച്ച കുട്ടികളുടെ സെറിബെല്ലം (Ceribellum) സെറിബെൽ കോർട്ടെക്സ് (ceribel cotex) എന്നിവ സാധാരണയിൽ നിന്ന് വ്യത്യാസമുള്ളതായി പഠനങ്ങൾ തെളിയിക്കുന്നു.

## ചികിത്സാരീതികൾ

ബ്രിട്ടീഷ് ചൈൽഡ് സൈക്യാട്രിസ്റ്റ് ആയ മൈക്കൽ റട്ടർ ഓട്ടിസ്സം എന്ന വൈകല്യത്തിന് പ്രത്യേക തരത്തിലുള്ള ഒരു ചികിത്സാരീതി ആവിഷ്കരിച്ചിട്ടുണ്ട്. ഇത് കുട്ടികളെ സാധാരണകുട്ടികളുടെ ജീവിതത്തിലേക്ക് ഇവരെ കൊണ്ടുവരുന്നതിനും, ശാരീരിക ചലനങ്ങളിൽ മാറ്റം വരുത്തുന്നതിനും, സ്വഭാവ രൂപീകരണത്തിനും, എല്ലാറ്റിനും ഉപരി കുടുംബാംഗങ്ങളുടെ ഓട്ടിസ്സത്തെക്കുറിച്ചുള്ള ഉത്കണ്ഠ പരിഹരിക്കുന്നതിനും സഹായകരമാകുന്നു.

ബിഹേവിയർ തെറാപ്പി, ഡെവലപ്പ്മെന്റൽ തെറാപ്പി, സെൻസറി ഇന്റഗ്രേഷൻ തെറാപ്പി, സ്പീച്ച് തെറാപ്പി, മെഡിക്കേഷൻ എന്നിവയുടെ ഫലപ്രദമായ ഉപയോഗം ഈ വൈകല്യത്തെ വേണ്ടവിധത്തിൽ മനസ്സിലാക്കിയെടുക്കുന്നതിനും, ഓട്ടിസ്സം ബാധിച്ച കുട്ടികൾക്ക് സമൂഹത്തിലേക്ക് ഇറങ്ങുന്നതിനും, മറ്റുള്ളവരുമായി ഇടപെടുന്നതിനും പരിശീലനം കൊടുക്കുകയും ചെയ്യുന്നു.

# സെന്റ് തോമസ് ഹോം ഫോർ ഏജ്ഡ്



**തോമസ് ജോർജ്ജ്**
**കുഴിച്ചാലിൽ**





16ാം നൂറ്റാണ്ടിൽ സ്പെയിനിലെ ഗ്രനഡ ഗ്രാമത്തിന്റെ തെരുവിൽ കരുണയ്ക്കർഹതയില്ലെന്ന പേരിൽ സമൂഹം വലിച്ചെറിഞ്ഞ രോഗികളും പാവങ്ങളും ആലംബഹീനരുമായ സഹജീവികളെ തോളിലേറ്റികൊണ്ടുപോയി ശുശ്രൂഷിച്ച വി. ജോൺ ഓഫ് ഗോഡ് എന്ന വലിയ വിശുദ്ധന്റെ ആത്മസമർപ്പണത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ലോകത്തിന്റെ വിവധ ഭാഗങ്ങളിൽ 400 ൽപരം വർഷങ്ങളായി സേവനം അനുഷ്ഠിക്കുന്ന സന്യാസസമൂഹമാണ് ബ്രദേഴ്സ് ഓഫ് ജോൺ ഓഫ് ഗോഡ്. ആതുര സേവനം മുഖമുദ്രയായി സ്വീകരിച്ചിരിക്കുന്ന ബ്രദേഴ്സിന്റെ ശുശ്രൂഷയെ ലോകത്തിന്റെ ദൃഷ്ടിയിൽ നിസ്വരരും, നിന്ദ്യരുമായ സഹോദരങ്ങൾക്ക് കരുണയുടെയും സ്നേഹത്തിന്റെയും തൂവൽ സ്പർശമായി ഇന്ത്യയിൽ ഇന്ന് പത്ത് സ്ഥാപനത്തിലൂടെ ആവശ്യത്തിലിരിക്കുന്നവർക്ക് ലഭ്യമാകുന്നു. അങ്ങനെ ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം കൂരിരുട്ടിന് അല്പം ലാഘവത്വം വരുത്തുന്നതുപോലെ ഇന്ന് ഈ സമൂഹത്തിന്റെ സേവനം ഒട്ടനേകം മാനവമക്കൾക്ക് ജീവനും താളവും നൽകുന്നു എന്നത് പ്രസ്താവ്യമാണ്.

ചെന്നൈയിലെ (മദ്രാസിലെ) പുനമലയിൽ സഭയുടെ പ്രവിഷ്യൽ ഹൗസിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സ്ഥാപനമാണ് സെന്റ് തോമസ് ഓൾഡേജ് ഹോം. ജീവിതത്തിന്റെ ഒട്ടുവഴികൾ പിന്നിട്ട് ജീവിതസായാഹ്നത്തിലെത്തിയ പുരുഷൻമാരുടെ പുനരധിവാസത്തിനായി ഈ സ്ഥാപനം നിലകൊള്ളുന്നു. ബ്രദേഴ്സിന്റെ പരിശീലകൻ (ഗുരു) ആയിരുന്ന ബ്രദർ ആൽഫോൺസിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമാണ് ഈ സ്ഥാപനം. 1983 ജനുവരി 18 ന് 20 അംഗങ്ങളുമായി തുടക്കം കുറിച്ച ഈ സ്ഥാപനം ഇന്ന് അനാഥരും ആലംബഹീനരുമായ നാല്പതോളം അന്തേവാസികൾക്ക് സംരക്ഷണം നൽകുന്നു.

വാർദ്ധക്യത്തിന്റെ വേദനകൾ അനുഭവിക്കുന്നവർക്ക് സ്വാന്തനവും, അംഗീകാരവും, ആത്മവിശ്വാസവും , മാനസീകാരോഗ്യവും പ്രധാനം ചെയ്യുക എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ജാതിമത ഭേതമന്യേ ഏവർക്കും സ്വാഗതം നൽകുന്നു.അന്തേവാസികളുടെ ശാരീരികവും ആത്മീകവും സാമൂഹികവുമായ ആവശ്യങ്ങൾ ക്രിസ്തീയ മൂല്യങ്ങൾക്കനുസൃതമായി നിറവേറ്റുക എന്നതിലാണ് ഈ സ്ഥാപനം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ബ്രദേഴ്സിന്റെയും സഹപ്രവർത്തകരുടെയും നിസ്വാർത്ഥമായ സേവനങ്ങൾക്ക് പുറമെ ആഴ്ചയിൽ ഒരിക്കൽ ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. കൂടാതെ നേഴ്സിംഗ് കെയർ, കൗൺസിലിംഗ് തുടങ്ങിയ സൗകര്യങ്ങളും ഇവിടെ ഇവർക്ക് ലഭിക്കുന്നു. വർഷത്തിൽ ഒരിക്കൽ സംഘടിപ്പിക്കുന്ന വിനോദയാത്രയും, അംഗങ്ങളുടെ ജന്മദിനാഘോഷവും ഇവർക്ക് മാനസീകോല്ലാസം വർദ്ധിക്കുന്നതിനും ജീവിതത്തോടുള്ള ക്രിയാത്മക വീക്ഷണം വളർത്തുന്നതിനും ഉപകരിക്കുന്നു. ജാതിമത ഭേതമന്യേ ഓരോ അംഗത്തിനും പ്രാർത്ഥനയ്ക്കും ആരാധനയ്ക്കുമുള്ള സൗകര്യം ഇവിടെ ലഭിക്കുന്നു. അവരവരുടെ മതവിശ്വാസത്തിലധിഷ്ഠിതമായി ജീവിതത്തിന്റെ അർത്ഥവ്യാപ്തി കണ്ടെത്തുന്നതിനും അതുവഴി ജീവിതത്തിൽ സമാധാനവും ചൈതന്യവും നിലനിർത്തുന്നതിനും സഹായിക്കുന്നു.

ജീവിത യാത്രയിൽ കാലിടറുന്നവർക്ക് സ്വാന്തനത്തിന്റെയും സംരക്ഷണത്തിന്റെയും നീട്ടിയ ഹസ്തങ്ങളുമായി ചെയ്യുന്ന സേവനത്തിന്റെ വലിപ്പചെറുപ്പം നോക്കാതെ ഡയറക്ടർ ബ്രദർ  ബൈജു വാലുപറമ്പിലിന്റെയും, കോ-ഓർഡിനേറ്റർ ആയ ബ്രദർ അലോഷ്യസ് മറ്റത്തിലും നല്ലവരായ ബ്രദേഴ്സും ഒട്ടനേകം സഹപ്രവർത്തകരും നിസ്വാർത്ഥമായി സേവനം അനുഷ്ഠിക്കുന്നു.

# അനുഭവക്കുറിപ്പുകൾ



ബ്ര. അഗസ്റ്റിൻ പോളപ്രയിൽ

2000 ഡിസംബർ 12-ാം തീയതി സെന്റ് ജോൺ ഓഫ് ഗോഡ് സെന്റർ വെള്ളൂരിന്റെ തറക്കല്ലിട്ടു. അയർക്കുന്നം ഇടവക വികാരി റവ. ഫാദർ ജോർജ്ജ് സ്രാമ്പിക്കല്ലിന്റെ കാർമികത്വത്തിൽ ബവേറിയൻ പ്രവിൻസിലെ ബ്രദർ റൂഡോൾഫ് ക്നൂപ്പ് ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു. നിരവധി പ്രതിസന്ധികൾ തരണം ചെയ്താണ് സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായത്. ഇവയിൽ പ്രധാനപ്പെട്ടത് ആവശ്യമായ പണം സ്വരൂപിക്കുന്നതിലായിരുന്നു. പ്രാഥമിക ഘട്ടമെന്നനിലയിൽ രണ്ടുഹോമുക(Hostel System)ളെക്കുറിച്ചു മാത്രമേ ചിന്തിച്ചിരുന്നുള്ളു. പിന്നീട് അത് വിപുലമാക്കുന്നതിന് വീണ്ടും ജർമ്മനിക്ക് പോകേണ്ടിവരികയും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനാവശ്യമായ പണം കണ്ടെത്തേണ്ടതായും വന്നു.



നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനിടെ നേരിടേണ്ടി വന്ന മറ്റൊരു പ്രധാന പ്രശ്നം സാധനങ്ങളുടെ കയറ്റിറക്കം സംബന്ധിച്ചാണ്. പ്രാദേശികമായി യാതൊരുവിധ സൗഹാർദ്ദപരമായ സമീപനവും ഈ കാലയളവിൽ ലഭിച്ചിരുന്നില്ല. തൊഴിലാളി യൂണിയൻ പ്രശ്നങ്ങളിൽ കുടുങ്ങി പലപ്പോഴും പ്രവർത്തനങ്ങൾ നിർത്തിവെയ്ക്കുകയോ, പോലീസിന്റെ ഇടപെടലോ ആവശ്യമായി വന്നു.


മറ്റൊരു ദു:ഖകരമായ പ്രതിസന്ധി പണിക്കിടെ സംഭവിച്ച രണ്ട് അപകടങ്ങൾ ആയിരുന്നു. ഇരുമ്പ് കമ്പി തുളച്ചുകയറി കൺസ്ട്രക്ഷൻ സൂപ്പർ വൈസർ മി. പോൾസണും, എല്ലാവരും അമ്മച്ചി എന്നുവിളിക്കുന്ന മിസ്. ശാന്തമ്മ ചക്രപാണിയുടെയും മുറിവിനെക്കുറിച്ചുള്ള ആശങ്കകൾ ആയിരുന്നു. എപ്പോഴും കൂടെയുള്ള ദൈവത്തിന്റെ കൃപകൊണ്ട് ഇരുവരും അപകടത്തെ അതിജീവിക്കുകയും ജീവിതത്തിലേക്ക് തിരിച്ചുവരികയും ചെയ്തു. തിരിഞ്ഞു നോക്കുമ്പോൾ സ്ഥാപനത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക് ചെറുതും വലുതുമായ നിരവധി സഹായങ്ങൾ ചെയ്ത അനേകരുടെ മുഖങ്ങൾ മനസ്സിലേക്ക് കടന്നു വരുന്നു. എല്ലാവർക്കും ഒരിക്കൽകൂടി ഹൃദയം നിറഞ്ഞ നന്ദി.

1998 ൽ സ്കൂളിന് രൂപം നൽകിയപ്പോഴുണ്ടായ അഞ്ച് അനാഥരായകുട്ടികളിൽ ഒരാളായിരുന്നു സുബിൻ. 1998 മെയ് 1 നാണ് സുബിനെ പൂനമല്ലിയിലെ ഓൾഡേജ് ഹോമിൽ നിന്നും വെള്ളൂരിലേക്ക് കൊണ്ടു വന്നത്. തീവ്രമായ ബുദ്ധിമാന്ദ്യവും കൂടാതെ അനുബന്ധ വൈകല്യവും ബാധിച്ചിരുന്നു. അതുകൊണ്ടുതന്നെ അവന്റെ പരിചരണം എന്നുള്ളത് വലിയ ഒരു ഉത്തരവാദിത്വമായി മാറിയിരുന്നു. എപ്പോഴും നൂലിന്റെയോ, ചെറിയകയറിന്റെയോ കഷ്ണങ്ങൾ കൈയിൽ സൂക്ഷിക്കുന്ന സ്വഭാവം സുബിനുണ്ടായിരുന്നു. എല്ലാവരെയും ദു:ഖത്തിലാഴ്ത്തി 2002 ജനുവരി 20-ാം തീയതി സുബിൻ നിര്യാതനായി.

തുടരും...

കവിത

# സ്നേഹം



ശ്രീ. ശശി



സ്നേഹം അതാണല്ലോ ജീവിതപാതയിൽ
സൗഭാഗ്യമായൊരു നിത്യപാത - അതിൽ
ദു:ഖങ്ങൾ നമ്മെ പുണരുന്നുവെങ്കിലും
തേടുന്നതോ നിമിഷ സ്വർഗ്ഗങ്ങളു-
ഉള്ളിലുണ്ടായിരം മോഹങ്ങളെങ്കിലും
പൂവണിയുന്നതോ അന്യമെന്നും
ദൈവമേ നിൻ ഇഷ്ടംപോൽ ജീവിതം
കഷ്ടതയില്ലാതെ മാറ്റിടേണേ.
ജീവിത ചക്രത്തിൽ നിറമുള്ള സ്വപ്നത്തിൽ
ഉയർത്തി ഞാൻ ആയിരം പാഴ്കിനാക്കൾ
വാരിയെടുക്കുവാൻ കൊതിച്ചതെല്ലാമെൻ - എൻ
കൈക്കുമ്പിളിൽ വീണ് വഴുതീടുന്നു.
അറിയുന്നു കൺ തുറന്നീടുന്ന വേളയിൽ
പെയ്യാതെ പോയ നന്മതൻ മുത്തുകൾ
മഴവെള്ള ചാലിൽ ഉയർത്തിടും കുമിളപോൽ
നശ്വരം മനുഷ്യജീവിതവും
കൗതുക വസ്തു ഭ്രമിക്കും പോൽ - നമ്മൾ
അലയുന്നു കാതങ്ങൾ വഴിയറിയാതെ
അപ്പോഴും എൻ മനം എന്നോട് മന്ത്രിച്ചു
എല്ലാം ദൈവത്തിൻ കനിവുമാത്രം.
പ്രകാശിതമായൊരു പാതതെളിക്കുവാൻ
സ്നേഹം നമുക്കൊരു മാർഗ്ഗമാക്കാം.

# FIRST P.T.A. MEETING

2008-09 അധ്യായന വർഷത്തെ പ്രഥമ പി.റ്റി. എ മീറ്റിംഗ് 12-07-08 ൽ നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ ഈ അധ്യായന വർഷത്തെ പി.റ്റി.എ. എക്സിക്യൂട്ടിവ് മെമ്പേഴ്സിനെ തിരഞ്ഞെടുത്തു. സെന്റർ ഡയറക്ടർ. ബ്ര. ജോർജ്ജ് കിഴക്കേക്കര അധ്യക്ഷം വഹിക്കുകയും പി.റ്റി.എ പ്രസിഡന്റ് മി. ഷാജി എ. എസ്. ഉദ്ഘാടന കർമ്മം നിർവ്വഹികത്കുകയും പി.റ്റി.എ വൈസ് പ്രസിഡന്റ് ആശംസകൾ അർപ്പിക്കുകയും ചെയ്തു. അന്നേ ദിവസം child sexual abuse നെക്കുറിച്ച് Mrs. Resmi MSW (Facualty of BCM College) ക്ലാസ്സ് എടുത്തു. തുടർന്ന് 2008-2009 അധ്യായന വർഷത്തിലേക്കള്ള P.T.A Executive members -നെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| President | : | Mr. Shaji A.S. |
| Vice President | : | Gopinathan Nair |
| Secratary | : | Sreekala Ravendran |
| Joint Secretory | : | Claramma Yesudas |
| Tressurer | : | Sr. Litty Xavier |

**MEMBERS**

1. Mrs. Marykjtty
2. Mrs. Rajalekshmi
3. Mrs. Suseela Thomas
4. Ivan
5. Mrs. Valsamma Philipose
6. Mrs. Dipu John
7. Mrs. Rajalekshmi
8. Mrs. Rosamma Rajan
9. Mr. Abraham
10. Dr. Devaran



# വ്യത്യസ്തതയുടെ നിറച്ചാർത്തുകൾ നിറഞ്ഞ ഓണാഘോഷം

മാവേലി മന്നനെ എതിരേല്ക്കാൻ മാലോകരെല്ലാം ഒത്തുകൂടുന്ന പൊന്നിൻ ചിങ്ങമാസത്തിലെ ദിനമാണല്ലോ ഓണനാളുകൾ. ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിനെ സംബന്ധിച്ചിടത്തോളം നിറവർണ്ണ ചാർത്തുകളും വ്യത്യസ്തതകളും നിറഞ്ഞുനിൽക്കുന്ന ഒരുത്സവമായിരുന്നു. കുട്ടികൾ ഏറെ ആകാംക്ഷയോടെ കാത്തിരുന്ന ഓണാഘോഷദിനത്തിൽ മനസ്സിൽ ചേർത്തുവെച്ച അത്തപ്പൂക്കളത്തെ വിരിയിക്കുവാൻ മാതാപിതാക്കൾ കൈനിറയെ പൂക്കളുമായി എത്തി. പൂക്കളിൽ നിറഞ്ഞുനിന്ന പല വർണ്ണങ്ങൾ പോലെ അവരുടെ മനസ്സും ശോഭിതമായിരുന്നു എന്ന് ആ മുഖഭാവങ്ങള പ്രകടമാക്കിയിരുന്നു. മാതാപിതാക്കളുടെയും അധ്യാപകരുടെയും ഒന്നിച്ചുള്ള അത്തപ്പൂക്കളം വളരെ മനോഹരമായിരുന്നു. ഹിന്ദുവോ, ക്രിസ്ത്യനോ, മുസൽമാനോ എന്നു വ്യത്യസ്തതയില്ലാതെ സെന്റ് ജോൺ ഓഫ് ഗോഡിലെ ഓണാഘോഷം ജാതിമതവർഗ്ഗ ഭേതമന്യേ ഏവരും ഒന്നുപോലെ കൊണ്ടാടി. സെപ്റ്റംബർ 4,5 തീയതികളിൽ സംഘടിപ്പിച്ച ഓണാഘോഷത്തിൽ കേരളത്തനിമയാർന്ന വിവിധ ആഘോഷ പരിപാടികൾ ഉൾക്കൊള്ളിച്ചിരുന്നു.

ചെറിയവനെന്നോ വലിയവനെന്നോ വ്യത്യാസമില്ലാതെ വ്യത്യസ്ത ജീവിത മേഘലകളിൽ പ്രവർത്തിക്കുന്നവരായ മാതാപിതാക്കൾ ഒന്നു ചേർന്ന് വടം വലിയിൽ പങ്കെടുത്തപ്പോൾ ആരവത്തിന്റെയും ആർപ്പുവിളിയുടെയും ശബ്ദം ജോൺ ഓഫ് ഗോഡ് പ്ലേ ഗ്രൗണ്ടിൽ നിറഞ്ഞു. അങ്ങനെ മാതാപിതാക്കൾ തമ്മിലും, മാതാപിതാക്കളും അധ്യാപകരും തമ്മിലും വളരെ ആനന്ദദായകവും വാത്സല്യജനകവുമായ വടംവലി ഒരുമയുടെയും സൗഹാർദ്ദത്തിന്റെയും കൂട്ടായ്മയുടെയും വലിയ അനുഭവമായി മാറി.

സമാപന സമ്മേളനത്തോടെയായിരുന്നു അന്നേദിവസത്തെ പരിപാടികൾ അവസാനിച്ചത്. പ്രസ്തുത സമ്മേളനത്തിൽ ജോൺ ഓഫ് ഗോഡ് ഇന്ത്യൻ പ്രൊവിൻഷ്യൻ ബഹു. ബ്ര. അഗസ്റ്റിൻ പോളപ്ലാവിൽ, ഓസ്ട്രേലിയയിൽ നിന്നെത്തിയ ബ്ര. വിയാനി, വൈസ് പ്രവിൻഷ്യർ ബ്ര. ബൈജു എന്നീ വിശിഷ്ടാതിഥികളും എത്തിയിരുന്നു. സമാധാനത്തിന്റെയും ഗൃഹാതുരത്വത്തിന്റെയും ഓർമ്മകൾ അയവിറക്കികൊണ്ട് പ്രവിഷ്യർ ഓണസന്ദേശം ഏവർക്കും നൽകി. അതോടൊപ്പം നീതിയുടെയും സത്യത്തിന്റെയും സ്നേഹത്തിന്റെയും അർത്ഥങ്ങളെ ചൂണ്ടിക്കാണിച്ചു കൊണ്ട് P.T.A മെമ്പർ മി. ദേവരാജൻ ഏവർക്കും ഓണാശംസകൾ കൈമാറി. സ്കൂൾ ഡയറക്ടർ ബ്ര. ജോർജ്ജ് കുട്ടികളുടെ ഉന്നമനത്തിനും, ക്ഷേമത്തിനുമായി പൊതുവായ നിർദേശങ്ങൾ മാതാപിതാക്കൾക്ക് നൽകുകയും അതോടൊപ്പം ഓണാശംസ പങ്കുവെയ്ക്കുകയും ചെയ്തു. പി.റ്റി.എ. പ്രസിഡന്റ് ശ്രീ. ഷാജി. എ. സ്കൂളിന്റെ മുന്നോട്ടുള്ള പ്രവർത്തങ്ങളുടെ കാര്യക്ഷമതയ്ക്കായി തന്റെ മനസ്സു തുറന്ന് പങ്കുവെച്ചു. അങ്ങനെ വ്യത്യസ്തതയുടെ നിറക്കൂട്ടുകൾ ചേർന്ന ഓണാഘോഷം ഓണസദ്യയോടെ പര്യവസാനിച്ചു.



**ബുദ്ധിമാന്ദ്യവും അതിനോടനുബന്ധ വൈകല്യങ്ങളും വ്യത്യസ്തതകളിലേയ്ക്ക് വിളിക്കപ്പെട്ട നമ്മുടെ ഈ സഹോദരങ്ങളെ പരിചരിക്കുന്നന്നതിനും പരിപാലിക്കുന്നതിനും നിങ്ങൾക്കും അവസരമുണ്ട്. അനാഥരായ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ ദത്തെടുക്കുന്നതിനും നിർദ്ധനരായ കുട്ടികളുടെ ജീവിതച്ചെലവു വഹിക്കുന്നതിനും കുട്ടികൾക്ക് ഒരുനേരത്തെ ഭക്ഷണം നൽകുന്നതിനും നിങ്ങളുടെ ആഘോഷവേളകളിൽ ഇവരോടൊത്ത് ചിലവഴിക്കുന്നതിനും വിലയേറിയ സമയത്തിന്റെ ഒരംശം ഇവർക്കായി വിനിയോഗിക്കുന്നതിനും താല്പര്യമുണ്ടെങ്കിൽ ബന്ധപ്പെടുക.**

**ഫോൺ : 04812373236, 2373235**

## FRIENDS OF JOHN OF GOD

**നിങ്ങളുടെ വരുമാനത്തിന്റെ ചെറിയൊരംശം എല്ലാമാസവും ഇവർക്കായി നൽകുന്നതിനും ഫ്രണ്ട്സ് ഓഫ് ജോൺ ഓഫ് ഗോഡ് എന്ന നൂതന സംരംഭത്തിന് തുടക്കം കുറിക്കുന്നു. വൈകല്യമുള്ള ഈ സഹോദരങ്ങളുടെ ഫ്രണ്ട്സ് ആകുവാൻ ഞങ്ങൾ ക്ഷണിക്കുന്നു.**

### Donation for Tears Society are Exemped from I.T. u/s 80 G of I.T. Act

**2008 2009 അധ്യായന വർഷത്തിൽ സെന്റ് ജോൺ ഓഫ് ഗോഡ് സ്കൂളിലെ കുട്ടികളുടെ എണ്ണം 170 ആയി ഉയർന്നു. 138 ആൺകുട്ടികളും 30 പെൺകുട്ടികളും സ്ഥാപനത്തിൽ പഠിക്കുന്നു. ഇവരിൽ 10 കുട്ടികൾ ഹോസ്റ്റലിലും 60 ഓളം കുട്ടികൾ ദിവസവും സ്ഥാനത്തിലെത്തിയും പഠിക്കുന്നു.**

# ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്
# സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്

“വിശന്നവനായ് വിയർത്തവനായ്
നഗ്നനായി നിങ്ങളെന്നെ കാണും
മൺകുടിലിൽ പൂർണ്ണവിവശനായ്
വീണ്ടും നിങ്ങളെന്നെ കാണും
വേദനയാൽ തളർന്നവനായ്
ദാഹംപേറി കുഴഞ്ഞവനായ്
നിരാശനായി തടവറതന്നിൽ
വീണ്ടും നിങ്ങളെന്നെ കാണും
എൻ സ്വരം കേട്ട് വന്നിടണം”





ഈ സ്വരം കേട്ട്...

രോഗികളുടേയും വേദനിക്കുന്നവരുടേയും
ആവശ്യത്തിലിരിക്കുന്നവരുടേയും കവിളുകളിൽ തങ്ങിനിന്ന
കണ്ണീരൊപ്പി, ആദരാത്മകശുശ്രൂഷയിലൂടെ
ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും നെയ്ത്തിരിയായിത്തീർന്ന
സെന്റ് ജോൺ ഓഫ് ഗോഡിനെപ്പോലെ... ഹൈറേഞ്ചിലെ പാവങ്ങൾക്കും
രോഗികൾക്കും അശരണർക്കും അത്താണിയായി...

പ്രത്യാശയുടെ വെളിച്ചമായി...
സാന്ത്വനത്തിന്റെ കരമായി...

പാവങ്ങളുടെ വല്യച്ചനായിത്തീർന്ന ബഹു. ബ്ര. ഫോർത്തുനാത്തൂസിനെപ്പോലെ
സമർപ്പണജീവിതത്തിലൂടെ, ചെറിയവരിലൂടെ നമ്മെ സമീപിക്കുന്ന
ഈശോയെ ശുശ്രൂഷിക്കുവാൻ, ഉപവിയുടെ
ഉപകരണങ്ങളാകുവാൻ, വിശുദ്ധിയുടെ സൗരഭ്യം പകരാൻ...

നിങ്ങളും വരുന്നോ?

**കുഞ്ഞനുജൻമാർക്കും കുഞ്ഞനുജത്തിമാർക്കും**
**സ്വാഗതം**



VOCATION PROMOTER
St. John of God Centre
Velloor P.O., Pampady,
Kottayam, Kerala
Tel : 9495506576, 9961012247

VOCATION PROMOTER
Sisters of Charity of St. John of God
Kattappana South P.O.
Idukki (Dist.), Pin - 685515
Tel : 04868 272744

Printed and published by St. John of God Special School, Annadivayal, Velloor P.O., Pampady, Kottayam - 686501
Tel. +91 481 2373236, 2373235, seldjohnofgodschool@yahoo.com, www.stjohnofgodcentre.org
Private Circulation Only